## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1634 21/01/2014-ൽ മറുപടിയ്ക്ക്

### ഹൈടെക് കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

എ) ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാനായി എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 400 ചതുരശ്ര മീറ്റർ മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ഒരു ചതുരശ്ര മീറ്ററിന് പരമാവധി ചെലവ് കണക്കാക്കിയിട്ടുള്ള 935 രൂപയുടെ 75 ശതമാനമായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ കേന്ദ്രവിഹിതമായും 25 ശതമാനം തുകയായ 233.75 രൂപ സംസ്ഥാന സർക്കാർ വിഹിതമായുമാണ് ധനസഹായം നൽകുന്നത്.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖാന്തിരം സംസ്ഥാനത്ത് ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം പോളി ഹൗസുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 54 ലക്ഷം രൂപയുടെ ധനസഹായം കൗൺസിലിന് 2012-13 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്നു. 500 ചതുരശ്ര മീറ്റർ വീതമുള്ള 12 പോളി ഹൗസുകളുടെ നിർമ്മാണത്തിനാണ് ഈ തുക വിനിയോഗിച്ചത്. പോളിഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | 2012-13 വർഷത്തിൽ ഹൈടെക് കൃഷിക്ക് സഹായമായി എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്ത് ഹൈടെക് കൃഷിയ്ക്കായി 5.07 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് അനുവദിച്ചിട്ടുണ്ട്.<br>2012-13 സാമ്പത്തിക വർഷത്തിൽ ഹൈടെക് കൃഷിക്കുള്ള ധനസഹായമായി ഒരു കോടി രൂപ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. |
| സി) | അക്വാപോണിക്സ് കൃഷി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |
| ഡി) | ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഡി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**